II ഇ.ബി. XIII- കേരള നിയമസഭ/VIII-4

പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

ചോദ്യോത്തരങ്ങൾ – സംഗ്രഹം

2013 മാർച്ച് 21, വ്യാഴം

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

12 (*91) പീപ്പിൾസ് ബസാറുകൾ

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ ഇരുപത്തിയഞ്ച് ലക്ഷത്തിലധികം വിറ്റുവരവുള്ള സൂപ്പർ മാർക്കറ്റുകൾ നവീകരിച്ച് പീപ്പിൾസ് ബസാറുകളാക്കുന്നതിനുള്ള നടപടി നടന്നുവരികയാണെന്ന് സഭയെ അറിയിച്ചു. ഇതിന്റെ ഭാഗമായി പരമാവധി നിത്യോപയോഗ സാധനങ്ങളും, പൊതുജനങ്ങൾക്ക് ആവശ്യമുള്ള മറ്റ് ഉൽപ്പന്നങ്ങളും ആധുനിക സൗകര്യങ്ങളോടെ ഒരു കുടക്കീഴിൽത്തന്നെ വളരെ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുന്നതിന് സാധിക്കുന്നുണ്ട്. മാവേലി സ്റ്റോറുകൾ ഇല്ലാത്ത പഞ്ചായത്തുകൾക്ക് മുൻഗണന നൽകിക്കൊണ്ട് സപ്ലൈകോ ഔട്ട്ലെറ്റുകളില്ലാത്ത കേന്ദ്രങ്ങളിൽ അമ്പത് പുതിയ മൊബൈൽ മാവേലി സ്റ്റോറുകൾ ആരംഭിക്കുവാൻ തീരുമാനമായിട്ടുണ്ട്. സപ്ലൈകോ ഔട്ട്ലെറ്റുകൾ വഴി സബ്സിഡിയോടുകൂടി 13 ഇനം നിത്യോപയോഗ സാധനങ്ങളും

എം.ആർ.പി.-യെക്കാൾ 15% വിലക്കുറവിൽ എഫ്.എം.സി.ജി. ഉൽപ്പന്നങ്ങളും വിറ്റുവരുന്നു. പത്തു ലക്ഷം രൂപയ്ക്ക് മുകളിൽ വിറ്റുവരവുള്ള എല്ലാ മാവേലി സ്റ്റോറുകളും സൂപ്പർ മാർക്കറ്റുകളാക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. മത്സ്യബന്ധന മേഖലയടക്കമുള്ള പിന്നോക്ക പ്രദേശങ്ങളിൽ സൂപ്പർ മാർക്കറ്റുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. സപ്ലൈകോ ഔട്ട്‌ലെറ്റുകളിൽ സൗജന്യമായി സ്ഥലം നൽകിക്കൊണ്ട് ഹോർട്ടികോർപ്പുമായുള്ള ടൈ-അപ്പിലൂടെ പച്ചക്കറി വിപണനം വ്യാപകമാക്കുന്നതാണ്. കേന്ദ്ര സഹായത്തോടെ പൊതുവിതരണ ശൃംഖല പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുന്നതോടുകൂടി കരിഞ്ചന്തയും, പൂഴ്ത്തിവയ്പും ഫലപ്രദമായി നേരിടാൻ സാധിക്കും. കമ്പ്യൂട്ടർവത്ക്കരണത്തിന്റെ 50% ചെലവ് കേന്ദ്ര ഗവൺമെന്റാണ് വഹിക്കുന്നത്. സ്‌പ്ലൈകോ വിതരണം ചെയ്യുന്ന സാധനങ്ങൾ കർശനമായ ക്വാളിറ്റി പരിശോധനയ്ക്ക് വിധേയമാക്കുന്നതോടൊപ്പം തൂക്കത്തിലുള്ള കുറവും മറ്റും പരിശോധിക്കുന്നതിനായി പ്രത്യേക വിജിലൻസ് വിഭാഗം പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്. ഉത്സവ സീസണുകളിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ പച്ചക്കറികളും പഴങ്ങളും ഉൾപ്പെടുത്തി പ്രത്യേക ഫെയറുകൾ നടത്താറുണ്ടെന്നും കുടുംബശ്രീ അടക്കമുള്ള സെൽഫ് ഹെൽപ്പ് ഗ്രൂപ്പുകളുടെ ഉൽപ്പന്നങ്ങൾ സപ്ലൈകോയുടെ ഔട്ട്‌ലെറ്റുകൾ വഴി വിതരണം ചെയ്യാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

13 (*92) മദ്രസ അദ്ധ്യാപക ക്ഷേമനിധി പദ്ധതി

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് ഏകദേശം 1,30,000-ത്തോളം

മദ്രസ അദ്ധ്യാപകരുള്ളതിൽ 10,000–ത്തോളം അദ്ധ്യാപകർ മാത്രമാണ് മദ്രസ അദ്ധ്യാപക ക്ഷേമനിധിയിൽ അംഗങ്ങളായി ചേർന്നിട്ടുള്ളതെന്ന് സഭയെ അറിയിച്ചു. കേരള മദ്രസ അദ്ധ്യാപക ക്ഷേമനിധി പെൻഷൻ പദ്ധതി പൂർണ്ണമായും പലിശരഹിതമായിട്ടാണ് നടപ്പാക്കുന്നത്. പദ്ധതിയുടെ ഗുണഭോക്താക്കളാകേണ്ട മദ്രസ അദ്ധ്യാപകർ പലിശ സംബന്ധമായ ഇടപാടിൽ ഏർപ്പെടുന്നത് അവർ പുലർത്തിപ്പോരുന്ന വിശ്വാസങ്ങൾക്കും രീതികൾക്കും നിരക്കുന്നതല്ലാത്തതിനാൽ അത്തരത്തിലുള്ളതാണ് ഈ പദ്ധ തിയെന്ന തെറ്റിദ്ധാരണ അവരിൽ നിലനിൽക്കുന്നതിനാലും പദ്ധതിയുടെ ഗുണവശങ്ങളെക്കുറിച്ച് കൃത്യമായ അവബോധം ഇല്ലാത്തതുമൂലവുമാണ് ഭൂരിഭാഗം പേരെയും പദ്ധതിയിൽ ചേർക്കുന്നതിന് തടസ്സമായിരിക്കുന്നതെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. പദ്ധതി കൂടുതൽ ആകർഷകമാക്കുന്നതിനായി ക്ഷേമനിധി അംഗങ്ങൾക്കും കുടുംബാംഗങ്ങൾക്കും സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി, ഭവന നിർമ്മാണപദ്ധതി, വിവാഹാവശ്യ വായ്പാ പദ്ധതി, അംഗങ്ങളുടെ മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യം നൽകുന്ന പദ്ധതി തുടങ്ങിയവ ഉൾപ്പെടുത്തി പരിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. 20 വയസ്സു മുതൽ 60 വയസ്സുവരെ പ്രായമുള്ളതും തുടച്ചയായി 5 വർഷമെങ്കിലും അംശ ദായം മുടക്കം കൂടാതെ അടച്ച് അംഗത്വം നിലനിറുത്തുന്നതുമായ ആളു കൾക്ക് പ്രതിമാസം ഏറ്റവും കുറഞ്ഞത് 500 രൂപയും സേവന ദൈർഘ്യം അനുസരിച്ച് പരമാവധി പ്രതിമാസം 4981 രൂപയും പെൻഷനായി ലഭിക്കുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. 20 വർഷം വരെ മദ്രസ അദ്ധ്യാപകരും മദ്രസ കമ്മിറ്റിയും ചേർന്ന് 100 രൂപയാണ് പ്രതിമാസം അംശാ

ദായമായി അടയ്ക്കേണ്ടത്. പോസ്റ്റ് ഓഫീസുകൾക്ക് പുറമേ പഞ്ചായത്തുകളിൽ നിയമിക്കപ്പെട്ടിട്ടുളള പ്രൊമോട്ടർമാർ മുഖേനയും അംശദായം കളക്ട് ചെയ്യുന്നതിനുളള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. മദ്രസ കമ്മിറ്റികളുമായി ചർച്ച ചെയ്ത് മാനേജുമെന്റ് വിഹിതം ലഭ്യമാക്കുന്നതിനുളള നടപടി സ്വീകരിക്കുന്നതാണ്. പദ്ധതിയുടെ ഗുണവശങ്ങളെക്കുറിച്ച് മദ്രസ അദ്ധ്യാപകരിൽ അവബോധം സൃഷ്ടിക്കുന്നതിനായി ജില്ലകൾ തോറും ക്യാമ്പയിനുകൾ സംഘടിപ്പിക്കുകയും മോണിറ്ററിംഗ് കമ്മിറ്റിയിൽ മദ്രസ അദ്ധ്യാപകർ പ്രതിനിധാനം ചെയ്യുന്ന സംഘടനകളുടെ നേതാക്കളെക്കൂടി ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പദ്ധതിക്കായി ഒരാഴ്ചയ്ക്കുള്ളിൽ വെബ്സൈറ്റ് ആരംഭിക്കുമെന്നും മദ്രസ അദ്ധ്യാപകർക്കുവേണ്ടി ക്ഷേമനിധി ബോർഡ് രൂപീകരിക്കുകയും പദ്ധതിയുടെ നടത്തിപ്പിനായി സോണൽ ഓഫീസ് തുടങ്ങുന്ന കാര്യം പരിഗണിക്കുകയും ചെയ്യുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു. കേന്ദ്ര ഗവൺമെന്റിൽ നിന്നും ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് മദ്രസകളുടെ നവീകരണത്തിനുള്ള പണം വിതരണം ചെയ്യുമെന്ന് ഒരുപചോദ്യത്തിലിടപെട്ടുകൊണ്ട് വിദ്യാഭ്യാസ വകുപ്പുമന്ത്രി അറിയിച്ചു.

14 (*93) <u>സ്കൂൾ വികസന പദ്ധതി</u>

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) നൽകിയ മറുപടിയിൽ, വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഗവൺമെന്റ് സ്കൂളുകളിൽ സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും എയിഡഡ് സ്കൂളുകളിൽ ഇവയ്ക്ക് ഉപദേശക സമിതിയുടെ ചുമതലയായിരിക്കും ഉണ്ടാവുകയെന്നും സഭയെ അറിയിച്ചു. സ്കൂൾ മാനേജുമെന്റ് കമ്മിറ്റികളാണ് സ്കൂൾ വികസന പദ്ധതി

തയ്യാറാക്കി നടപ്പിലാക്കുന്നതിന് ശുപാർശ ചെയ്യുന്നത്. ഇതിന്റെ പ്രവർത്തന ങ്ങൾ ഗവൺമെന്റ് സ്കൂളുകളിൽ തുടങ്ങിക്കഴിഞ്ഞു. സ്കൂളിന്റെ സർവതോ ന്മുഖമായ വികസനം മുന്നിൽ കണ്ടുകൊണ്ട് കുട്ടികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. സ്കൂൾ വികസന പദ്ധതി 2012–13 മുതൽ മൂന്ന് വാർഷിക ഉപപദ്ധതികൾ അടങ്ങിയ ഒരു ത്രിവ ത്സര പദ്ധതിയായിട്ടാണ് നടപ്പിലാക്കുന്നത്. ഓരോ വർഷത്തേയും ക്ലാസ് അടിസ്ഥാനത്തിലുള്ള പ്രവേശനത്തിന്റെ എസ്റ്റിമേറ്റുകൾ തയ്യാറാക്കൽ, കെട്ടിടം, ലബോറട്ടറി, ലൈബ്രറി, ടോയ്ലറ്റുകൾ, കുടിവെള്ളം, മര ഉരുപ്പടി കൾ, ഉപകരണങ്ങൾ, കളിസ്ഥലം എന്നിവ ഉൾപ്പെടെ നിലവിലുള്ള അടി സ്ഥാന സൗകര്യങ്ങൾ; സ്കൂളിന്റെ ഭാവി ആവശ്യങ്ങൾ മുന്നിൽ കണ്ടു കൊണ്ട് വിദ്യാർത്ഥി സൗഹൃദവും പരിസ്ഥിതി സൗഹൃദവുമായ നിർമ്മാണ സങ്കൽപ്പങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ; ലബോറട്ടറി, ഇൻഫർമേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ ടെക്നോളജി, ലൈബ്രറി, സ്പോർട്സ് ആന്റ് ഗെയിംസ് തുടങ്ങി വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ പട്ടികയിലെ മാർഗ്ഗ നിർദ്ദേശങ്ങൾക്കും കേരള വിദ്യാഭ്യാസ ചട്ട ങ്ങൾക്കും അനുസൃതമായി അധിക അടിസ്ഥാന സൗകര്യങ്ങളുടെയും ഉപക രണങ്ങളുടെയും മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ; താമസിച്ച് പ്രവേശനം ലഭിച്ച വർക്കുള്ള പ്രത്യേക പരിശീലന സൗകര്യം, പ്രായത്തിന്റെ അടിസ്ഥാനത്തിൽ ഓരോ വിഭാഗത്തിന്റേയും ആവശ്യകതകൾ പ്രത്യേകമായി വിലയിരുത്തൽ, സൗജന്യമായി പാഠപുസ്തകങ്ങൾ, യൂണിഫോം, സൗജന്യ യാത്രാ സൗകര്യം, സൗജന്യ താമസ സൗകര്യം എന്നിവയിലുള്ള ചെലവുകൾക്കുപുറമേ ഈ ആക്ടിൻ കീഴിൽ സ്കൂളിന്റെ ചുമതലകൾ നിറവേറ്റുന്നതിന് സാമ്പത്തിക

ആവശ്യകത ഉൾപ്പെടെയുള്ളവ ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ആദ്യപടി എന്ന നിലയിൽ ഗവൺമെന്റ് സ്കൂളുകളിലും തുടർന്ന് എയ്ഡഡ് സ്കൂളുകളിലും പദ്ധതി നടപ്പിലാക്കുന്നതാണ്. പുതിയ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി അഞ്ചാം ക്ലാസിനെ എൽ.പി. സ്കൂളിന്റെയും എട്ടാം ക്ലാസിനെ യു.പി. സ്കൂളിന്റെയും ഭാഗമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. സമഗ്ര വിദ്യാഭ്യാസ പദ്ധതി ഒരു മോഡൽ സ്കീമായി അംഗീകരിച്ചുകൊണ്ട് 36 മണ്ഡലങ്ങളിൽ ആരംഭിച്ചിട്ടുണ്ടെന്നും ഈ പദ്ധതിയുടെ ഭാഗമായി ഓരോ മണ്ഡലത്തിലെയും ഏറ്റവും അത്യാവശ്യമുള്ള സ്കൂളുകൾക്ക് ഒരു അഡീഷണൽ ഫണ്ടിംഗ് സപ്പോർട്ട് കൊടുക്കുന്ന കാര്യം പരിഗണിക്കുന്നതാണെന്നും പെൺകുട്ടികൾ പഠിക്കുന്ന സ്കൂളുകളിൽ ആവശ്യമായ ടോയ്ലെറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണെന്നും ഓരോ വർഷം പിന്നിടുമ്പോഴും സർക്കാർ, എയ്ഡഡ് സ്കൂളുകളുടെ നിലവാരവും ഭൗതിക സൗകര്യങ്ങളും മെച്ചപ്പെട്ടുവരുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി 94 മുതൽ 120 വരെയുള്ള ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1008 മുതൽ 1345 വരെയുള്ള ചോദ്യങ്ങളിൽ 87 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)